# സ്വാഗതപ്രസംഗം.

മാന്യരെ!

ഈ മഹൽ സമ്മേളനത്തിൽ ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ സന്നിഹിതരായ നിങ്ങൾ എല്ലാവരേയും സ്വാഗതം ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ സരസ്വതീ ക്ഷേത്രത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ഈ സുദിനത്തിൽ നിങ്ങളുടെ മുമ്പിൽ നില്ക്കുന്ന ഞാൻ ഈ സ്ഥാപനത്തിന്റെ ഭൂതകാലചരിത്രത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുകയാണ്.

1114 ഇടവം 24-ാംനു ഈ നാടിന്റെ ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു ദിവസമാണ്. അന്നാണ് ഈ വിദ്യാലയം ഉടലെടുത്തത്. Preparatory ക്ലാസോടുകൂടിയ ഒരു ലോവർ സെക്കണ്ടറി സ്കൂൾ തുടങ്ങുവാൻ അനുവാദം കിട്ടുകയും ആ വർഷം Preparatory ക്ലാസ്സ് മാത്രം ആരംഭിക്കുകയും ചെയ്തു. പിന്നീട് പടിപടിയായി ഉയർന്ന് 1117-ൽ ഒരു Complete ലോവർ സെക്കണ്ടറി സ്കൂളായിത്തീരുകയും ചെയ്തു.

അന്നത്തെ ഡിപ്പാർട്ടുമെന്റിന്റെ നിയമം അനുസരിച്ച് സ്ഥലസൌകര്യം അപര്യാപ്തമായതിനാലും സൌകര്യമായ വേറെ ഒരു സ്ഥലം കിട്ടാത്തതിനാലും സ്കൂളിന്റെ അംഗീകാരം തന്നെ നഷ്ടപ്പെടുമോ എന്ന അവസ്ഥയിലെത്തി. ഈ സന്ദർഭത്തിലാണ് ഞാൻ പരേതനായ ശ്രീ. ടി.കെ. രാമനാഥയ്യർ അവർകളെ സമീപിച്ച് സ്കൂളിന്റെ അന്നത്തെ നില വിശദീകരിച്ചു കൊടുത്തത്. അദ്ദേഹത്തോട് സ്കൂൾ ആവശ്യത്തിന് വേണ്ടി കുറെ സ്ഥലം ആവശ്യപ്പെട്ടു. മഹാമനസ്കനായ അദ്ദേഹം എന്റെ അപേക്ഷ സ്വീകരിച്ച് ഈ സ്ഥലം നല്കുകയും അതിൽ അദ്ദേഹം തന്നെ ഒരു കെട്ടിടം പണിയിച്ചുതരികയും ചെയ്തു. അങ്ങിനെ 1119-ൽ പഴയ സ്കൂൾ ഈ സ്ഥലത്തേക്കു മാറ്റി പ്രവർത്തനം തുടങ്ങി. ഈ സരസ്വതി മന്ദിരത്തിന്റെ സുവർണ്ണകാലം ആരംഭിച്ചത് അതോടുകൂടിയാണ്. വർഷംതോറും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവന്നു, അതോടൊപ്പം ആവശ്യാനുസരണം കെട്ടിടങ്ങളും പണിയിച്ചുതന്നു. 1123-ൽ ഈ നാട്ടുകാരുടെ ആഗ്രഹം അനുസരിച്ച് ലോവർ [illegible] ക്ലാസ്സുകളും ഇതോടു ബന്ധിച്ച്

പ്രവർത്തനം ആരംഭിച്ചു. ഇതേവരെ അംഗസംഖ്യകൊണ്ട് ചിറ്റൂർ സബ്-ഡിസ്ട്രിക്ടിലെ ഏറ്റവും വലിയ അപ്പർ പ്രൈമറി സ്കൂളായി ഈ സ്ഥാപനം ഉയർന്നു. അതോടുകൂടി ഈ സ്ഥാപനം ഒരു ഹൈസ്കൂളായി ഉയരേണ്ട ആവശ്യകത നാട്ടുകാർക്ക് ബോധ്യപ്പെട്ടു. ഈ സ്കൂളിന്റെ രക്ഷാധികാരി പരേതനായ പി.കെ. രാമനാഥയ്യർ അവർകൾക്ക് അദ്ദേഹത്തിന്റെ വന്ദ്യപിതാവിന്റെ നാമധേയത്തിൽ ഇത് ഒരു ഹൈസ്കൂളായി ഉയർന്നു കാണുവാൻ ആഗ്രഹമുണ്ടാകുകയും 1960ൽ അതിനു വേണ്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പക്ഷെ അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ ഈ ആഗ്രഹം സഫലമാക്കുവാൻ കഴിഞ്ഞില്ല. എങ്കിലും തുടർച്ചയായുള്ള പ്രവർത്തനത്തിന്റെ ഫലമായി 1962ൽ "കല്യാണകൃഷ്ണയ്യർ മെമ്മോറിയൽ ഹൈസ്കൂൾ" എന്ന് നാമധേയത്തിൽ ഇതിന് ഒരു ഹൈസ്കൂളായി ഉയരാനുള്ള ഭാഗ്യം ലഭിച്ചു. 1962 ജൂൺ 4ാം 8ാം തരം ആരംഭിച്ചുകൊണ്ട് പ്രവർത്തിച്ചു തുടങ്ങി. ഈ കൊല്ലമാണ് ഇത് ഒരു പൂർണ്ണ ഹൈസ്കൂളായി തീർന്നത്. ഈ കൊല്ലം തന്നെയാണ് ഈ സ്ഥാപനത്തിന്റെ "രജതജൂബിലി" എന്നുള്ളതും ഒരു സവിശേഷതയാണ്. അദ്ദേഹത്തിന്റെ ആഗ്രഹം സഫലമാക്കാൻ സാധിച്ചത് എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവമായി ഞാൻ കരുതുന്നു. അദ്ദേഹം ഇന്ന് ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ഈ സുദിനത്തിൽ നമ്മിൽ ആരേക്കാളുമധികം സന്തോഷിച്ചുള്ള വ്യക്തി അദ്ദേഹം ആയിരുന്നേനെ. (പൊടുന്നനെയുണ്ടായ അസുഖങ്ങൾ നിമിത്തം അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് ഈ ആഘോഷത്തിൽ സംബന്ധിക്കാൻ സാധിച്ചില്ലെങ്കിലും അവർ ആശംസാസന്ദേശങ്ങൾ അയച്ചു തന്നിട്ടുണ്ട്. അതിൽ ഞാൻ അതീവ കൃതാർത്ഥനാണ്.

ഇന്നത്തെ ഈ ആഘോഷത്തിൽ ആദ്ധ്യക്ഷ്യം വഹിപ്പാൻ സദയം സമ്മതിച്ച് ഇവിടെ സന്നിഹിതനായ പാലക്കാട് ഡിസ്ട്രിക്ട്-ജഡ്ജ് ശ്രീ- എൻ- ശ്രീനിവാസൻ അവർകളെ സ്വാഗതം ചെയ്യുവാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. ഒരു പ്രഗത്ഭനായ ന്യായാധിപനെ അദ്ധ്യക്ഷനായി ലഭിച്ചത് ഒരു ഭാഗ്യമായാണ് ഞാൻ കരുതുന്നത്. തന്റെ ഉദ്യോഗിക കാര്യങ്ങൾ നിർത്തിവെച്ച് ഇവിടെ എത്തി—

ചേർന്നതെന്നെ അദ്ദേഹത്തിന്റെ സാന്നിധ്യം കൊണ്ടാണെന്ന് പറ-
യേണ്ടതില്ലല്ലോ?. അദ്ദേഹത്തിന് ഞാൻ ഹൃദയംഗമമായി
സ്വാഗതം ആശംസിച്ചുകൊള്ളുന്നു.

ഇവിടെ ആഗതനായിട്ടുള്ള ശ്രീ. സി. എ. വൈദ്യനാഥയ്യരെ അവർകളെ
ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തേണ്ട ആവശ്യമില്ല. അദ്ദേഹം ഈ
നാട്ടുകാരനും നിങ്ങൾക്കെല്ലാം പരിചിതനുമാണ്. ഈ സ്കൂളിന്റെ
ആരംഭദശയിൽ അദ്ദേഹം ഇവിടെ ഡെപ്യൂട്ടി ഇൻസ്പെക്ടർ ആയി-
രുന്നു. ഈ സ്ഥാപനത്തിന് നേരിടേണ്ടി വന്നിട്ടുള്ള എല്ലാ പ്രയാ-
സങ്ങളും അദ്ദേഹത്തിന് വിശദമായി അറിയാവുന്നതാണ്.
ഈ സ്ഥാപനത്തിന്റെ അഭിവൃദ്ധിക്കും ഉയർച്ചയ്ക്കും തന്റെ സ്വന്തം
നിലയിലും ഔദ്യോഗികനിലയിലും ഇതിന് വേണ്ട സഹായങ്ങൾ
ചെയ്തുതന്നിട്ടുള്ള ഒരു വ്യക്തിയാണ് അദ്ദേഹം. അതുകൊണ്ട്
എന്റെ ക്ഷണം സ്വീകരിച്ച് അദ്ദേഹം ഇവിടെ എത്തിച്ചേർന്നിട്ടുള്ള
അദ്ദേഹത്തെ ഞാൻ സ്വാഗതം ചെയ്തുകൊള്ളുന്നു.

അടുത്തതായി ഇവിടെ എത്തിച്ചേർന്നിട്ടുള്ള ശ്രീ. വി. ഗോപാല
മേനോൻ എന്റെ ഒരു അഭ്യുദയകാംക്ഷിയാണ്. അദ്ദേഹം
ഒറ്റപ്പാലം ചിറ്റൂർ Sub District-ലെ Asst. Edl Officer ആയിരു-
ന്ന കാലത്താണ് ഈ ഒരു ഹൈസ്കൂളായും എന്റെ മാനേജ്-
മെന്റിലുള്ള വിളയോടി L.P. School ഒരു U.P. സ്കൂൾ ആയും
ഉയർന്നത്. ആ സന്ദർഭത്തിൽ അദ്ദേഹം നൽകിയ പ്രോത്സാഹന
സഹായങ്ങളും എനിക്ക് ഒരു കാലത്തും മറക്കുവാൻ സാധിക്കുകയില്ല.
അദ്ദേഹം ഇപ്പോൾ മുതല.. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആണ്.
അദ്ദേഹത്തിനും ഞാൻ സ്വാഗതം പറഞ്ഞുകൊള്ളുന്നു.

ഈ സമ്മേളനത്തിൽ സംബന്ധിക്കുവാൻ സന്നദ്ധരാ-
യിട്ടുള്ള എല്ലാ മാന്യ മഹാജനങ്ങൾക്കും ജൂബിലി ആഘോഷക്ക-
മ്മിറ്റിയുടെ പേരിലും സ്വന്തം നിലയിലും സ്വാഗതം ആശംസിച്ചു
കൊണ്ട് വിരമിക്കട്ടെ!.

—x—